**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2911** **12-07-2022 - ൽ മറുപടിയ്ക്ക്**

**സൗരോർജ്ജ ഫിഷ് ഡ്രൈയിങ്ങ് യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ചാവക്കാട് പുത്തൻകടപ്പുറത്ത് തീരദേശ വികസന കോർപ്പറേഷൻ നിർമ്മിച്ച സൗരോർജ്ജ ഫിഷ് ഡ്രൈയിങ്ങ് യൂണിറ്റിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിലെ പുത്തൻ കടപ്പുറത്ത് ഒരു സൗരോർജ്ജ ഫിഷ് ഡ്രൈയിങ്ങ് യൂണിറ്റ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മാണം പൂർത്തീകരിച്ച് 06/06/2016 ന് ചാവക്കാട് മുനിസിപ്പാലിറ്റിക്ക് കൈമാറിയിരുന്നു. സൗരോർജ്ജ ഡ്രൈഫിഷ് യൂണിറ്റ് ആരംഭിക്കുന്നതിന് 2018-ൽ ചാവക്കാട് മുൻസിപ്പൽ ചെയർമാന്റെ നേതൃത്വത്തിൽ യോഗം ചേർന്ന് തീരദേശ വികസന കോർപ്പറേഷനുമായി കരാറുണ്ടാക്കി. ടി കെട്ടിടം സാഫിന് കൈമാറണമെന്ന് നിശ്ചയിച്ചിരുന്നു. സാഫ് ഇതിലേയ്ക്കായി 23 വനിതകൾക്ക് പരിശീലനം നൽകിയി രുന്നെങ്കിലും പദ്ധതിയുടെ നിർവ്വഹണ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയാ തിരുന്നതിനാൽ അവർ മറ്റ തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടു കൊഴിഞ്ഞുപോകുകയുമാണുണ്ടായത്. കൂടാതെ ഡ്രൈഫിഷ് യൂണിറ്റ് പ്രവർത്തിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കുകയും ചുറ്റുമതിൽ കെട്ടുന്നത് ആവശ്യകതയായി കണ്ടെത്തുകയും ചെയ്തിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതും ടി യൂണിറ്റ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതുമാണ്. |
| (ബി) | പ്രസ്തുത യൂണിറ്റിൽ മത്സ്യം ശുചിയാക്കി ഉണക്കിയെടുക്കുന്നതിന് മത്സ്യതൊഴിലാളികളുടെ യൂണിറ്റ് ആരംഭിച്ചിരുന്നോ; വിശദവിവരം അറിയിക്കുമോ? | (ബി) | പ്രസ്തുത യൂണിറ്റിൽ മത്സ്യം ശുചിയാക്കി ഉണക്കി എടുക്കുന്നതിന് മത്സ്യ ത്തൊഴിലാളികളുടെ യൂണിറ്റ് ആരംഭിക്കുന്നതിന് വേണ്ടി സാഫ് 23 മത്സ്യത്തൊഴിലാളി വനിതകളെ തെരഞ്ഞെടുക്കുകയും പരിശീലനം നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി പദ്ധതി സമയബന്ധിതമായി പ്രവർത്തന സജ്ജമാകാത്തതിനാൽ പരിശീലനങ്ങൾ ലഭിച്ച അംഗങ്ങൾ മറ്റ് സംരംഭങ്ങളിൽ ഏർപ്പെട്ടുകയും |

| | | | |
|---|---|---|---|
| | | | കൊഴിഞ്ഞു പോകുകയും താൽപര്യമുള്ള അംഗങ്ങൾക്ക് സാഫ് നടപ്പിലാക്കുന്ന തീരമൈത്രി പദ്ധതിയിൽ സൂക്ഷ്മതൊഴിൽ സംരംഭക യൂണിറ്റുകൾ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ